(ബി) 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം പ്രാബല്യത്തിൽ വന്നതുമുതൽ ഉത്തരവാദപ്പെട്ട അധികാരിയുടെ രേഖാമൂലമുള്ള അനുവാദമില്ലാതെ മറ്റു വിഭാഗത്തിൽപ്പെട്ടവരിലേയ്ക്കുള്ള പട്ടിക വർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം നിയമസാധുത ഇല്ലാത്തതാണ്.

(സി) 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമ പ്രകാരം ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി നടന്നുവരുന്നു.

(ഡി) ഉണ്ട്. കൊല്ലം, എറണാകുളം, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് സർവ്വേ നടത്തിയിട്ടുള്ളത്.

(ഇ) ജില്ലകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് ഭൂമി തിരിച്ചുപിടിക്കൽ നടപടിയുടെ ചുമതല. 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ്

125 (4182) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 100% കേന്ദ്ര സഹായ പദ്ധതിയായ 'പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ്' എന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായി ഈ വിഭാഗക്കാരുടെ സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ എൽ.ഐ.സി.യുമായി ചേർന്ന് ജനശ്രീ ബീമായോജന എന്ന ഇൻഷ്വറൻസ് പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൻകീഴിലും ഇവർക്ക് സൗജന്യ ചികിൽസ ലഭ്യമാണ്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly